മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഇക്കാര്യത്തിൽ M/s Punj Lloyd കമ്പനിയുമായി ഒപ്പിട്ട കരാർ അനുസരിച്ച് പണികൾ 15-11-2006-ലാണ് പൂർത്തീകരിക്കേണ്ടത്.

(ബി) എൽ.എം.എസ്.-അട്ടക്കുളങ്ങര, വെള്ളയമ്പലം-കവടിയാർ, വെള്ളയമ്പലം-ശാസ്തമംഗലം, തമ്പാനൂർ-ഓവർബ്രിഡ്ജ് എന്നീ റോഡുകൾ ആറുവരി പാത ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) സ്ഥലമെടുപ്പ് സംബന്ധിച്ച കാലതാമസമാണ് ഇത് വൈകുന്നതിനുള്ള പ്രധാന കാരണം.

(ഡി) സ്വീകരിച്ചു വരുന്നു. പുഞ്ച് ലോയിഡ് എന്ന കമ്പനിയുമായി ഇതു സംബന്ധിച്ച കരാർ ഒപ്പുവച്ചു കഴിഞ്ഞു. രണ്ട് ഫ്ളൈ ഓവറുകളുടെയും ഒരു സബ്വേയുടെയും പണി 2004 സെപ്തംബർ മാസത്തോടുകൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

നബാർഡിൽ നിന്നും ആനുകൂല്യം ലഭിക്കാൻ നടപടി

*13 [268] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് നബാർഡ് നൽകി വന്ന ആനുകൂല്യങ്ങളും വായ്പാ സഹായവും നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വായ്പാ സൗകര്യം നബാർഡിൽ നിന്ന് തുടർന്നും ലഭിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ ആന്റ് ബി) ആർഐഡിഎഫ് പുനഃസ്ഥാപിക്കാനും ആർഐഡിഎഫ് IX-ൽ കേരളത്തിന് ലഭിക്കാനുള്ള 84 കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ടിന് രണ്ടാഴ്ചക്കകം അനുമതി നൽകാനും തീരുമാനിച്ചതായി നബാർഡിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ അധ്യാപനം മെച്ചപ്പെടുത്താൻ നടപടി

*14 [269] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, പ്രൊഫ. ഗോപാലകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതും കുട്ടികൾ പഠിക്കുന്നതും മെച്ചപ്പെട്ട രീതിയിലാണ് എന്ന് ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly